LIBRARY ARCHIVES Kerala Legislative Assembly

പോക്സോ നിയമം

198(2245) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത കുട്ടികളെ വിവാഹം കഴിച്ചു എന്ന കുറ്റം ആരോപിച്ച് എത്ര ആദിവാസി യുവാക്കൾക്കെതിരെ' പോക്സോ' നിയമ പ്രകാരം ക്രിമിനൽ കേസ്സ് എടുത്തിട്ടുണ്ട്;

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വിവാഹം ചെയ്യുന്നത് ഇല്ലായ്മ ചെയ്യുന്നതിന് ആദിവാസി യുവതീ-യുവാക്കൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബനാഥൻ 'പോക്സോ' നിയമ പ്രകാരം കുറ്റം ചുമത്തപ്പെട്ട് ജയിലിൽ പോയതു നിമിത്തം പിഞ്ചുകുട്ടികൾ അനാഥരാകുന്നതു കണക്കിലെടുത്ത് കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വിദ്യോദയം പദ്ധതി

199(2248) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യോദയം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

GPM. 2/243/2020-39

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികളാണ് വിദ്യോദയം എന്നറിയപ്പെടുന്നത്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനവും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ദൈനംദിന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽ കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലിത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ഹോസ്റ്റലുകൾ എന്നിവയ്ക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠന മേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ സയൻസ്/ കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കലാ കായിക ഇനങ്ങൾക്ക് പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ, യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും ' സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു.